# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1411 06/03/2020-ൽ മറുപടിയ്ക്ക്

### ദേവികുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | ഇവയിൽ പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പൂർത്തിയാക്കാത്തവയുടെ നിർമ്മാണം വൈകാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ; | ബി) | പണി പൂർത്തീയാക്കിയ വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. ഗുണഭോക്താക്കൾ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി എഗ്രിമെൻറ് വയ്ക്കുന്നതിലുണ്ടായ കാലതാമസം. സാധന സാമഗ്രികളുടെ ലഭ്യതക്കുറവ്. ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന് ഏൽപ്പിച്ച ചെറുകിട കരാറുകാരായ മേസ്തിരിമാർ വളരെയധികം വീടുകൾ ഒന്നിച്ച് കരാർ എടുത്ത് പണിതപ്പോൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുമായിരുന്നു പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണം വൈകാൻ ഉണ്ടായ കാരണങ്ങൾ. |
| സി) | ലൈഫ് മിഷനിലൂടെ വസ്തുവും വീടും ഇല്ലാത്തവർക്ക് വസ്തു വാങ്ങി വീട് വച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ദേവികുളം | സി) | ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുന്നതിന് 26-09-2019 ലെ ഡി.ബി.1/304-ാം സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് |

| | |
|---|---|
| മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം വസ്തു വാങ്ങുന്ന ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായവും ലൈഫ് മിഷൻ മുഖേന നല്കുന്നതാണ്. ദേവികുളം മണ്ഡലത്തിലുള്ള പഞ്ചായത്തുകളിലെ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾ ആരും തന്നെ ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ദേവികുളം നിയോജക മണ്ഡലം | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | ലൈഫ് മാനദണ്ഡപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾ | കരാർ വെച്ചവർ |
| അടിമാലി | 671 | 633 |
| ബൈസൺവാലി | 105 | 96 |
| വെള്ളത്തൂവൽ | 181 | 161 |
| പള്ളിവാസൽ | 134 | 99 |
| മറയൂർ | 601 | 510 |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | വീട് നിർമ്മാണം പൂർത്തീകരിച്ചവർ | കരാർ വെച്ചവർ | ബേസ്മെന്റ് | ലിന്റൽ | മേൽക്കൂര |
|---|---|---|---|---|---|---|
| 1 | അടിമാലി | 299 | 633 | 187 | 83 | 51 |
| 2 | ബൈസൺവാലി | 80 | 96 | 1 | 6 | 8 |
| 3 | വെള്ളത്തൂവൽ | 145 | 161 | 4 | 2 | 7 |
| 4 | പള്ളിവാസൽ | 74 | 99 | 10 | 15 | 0 |
| 5 | മറയൂർ | 236 | 510 | 100 | 105 | 48 |
| 6 | മൂന്നാർ | 15 | 22 | 1 | 0 | 6 |
| 7 | കാന്തല്ലൂർ | 196 | 458 | 55 | 94 | 5 |
| 8 | വട്ടവട | 223 | 526 | 89 | 102 | 39 |
| 9 | ചിന്നക്കനാൽ | 70 | 85 | 6 | 4 | 0 |
| 10 | മാങ്കുളം | 246 | 349 | 33 | 39 | 26 |
| 11 | ദേവികുളം | 60 | 130 | 34 | 18 | 2 |
| 12 | ഇടമലക്കുടി | 4 | 110 | 64 | 26 | 0 |
| | ആകെ | 1648 | 3179 | 584 | 494 | 192 |

സെക്ഷൻ ഓഫീസർ